പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3545

15/03/2018 ൽ മറുപടിക്ക്

# പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ ആധുനികവത്ക്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻ ഗണന നൽകുന്നത്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപ |

വകയിരുത്തുകയും 13 കോടി രൂപ അധികമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ സഹായത്തോടെയുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത് പുരോഗമിച്ചുവരുന്നു. ആഗോള തലത്തിൽ മരുന്ന് വിൽക്കുന്നതിനുള്ള അംഗീകാരം ലഭിച്ച കെ.എസ്.ഡി.പി യുടെ വിപുലീകരണവും ആധുനികവത്ക്കരണവും സർക്കാർ പ്രാഥമിക പരിഗണന നൽകിനടത്തിവരികയാണ്. കെൽ, കേരളാ ആട്ടോമൊബൈത്സ്, BHEL-EML Ltd എന്നീ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ ഇലക്ട്രിക്വാഹനങ്ങളുടെ നിർമ്മാണ ത്തിൻെറ സാധ്യതയും പരിശോധിക്കുന്നതാണ്. കേരളാ ഹാർഡ് വെയർ മിഷൻെറ ഭാഗമായി ഇലക്ട്രോണിക് ഹാർഡ് വെയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി കെൽട്രോണിൻെറ നവീകരണത്തിൻെറ ഭാഗമായി നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്തെ പൊതുമേഖലാ സഹകരണ സ്പിന്നി ങ്മില്ലുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ യൂണിഫോമിനാവശ്യമായ നൂൽ ഈ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃതമായ രീതിയിൽ ആവശ്യമായ കോട്ടൺ യഥാസമയം

വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പ്രത്യേക ബഡ്ജറ്റ് വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ബി) കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ എച്ച്.എൽ.എൽ, ബി.എം.ഇ.എൽ, കൊരട്ടി പ്രസ്സ് എന്നിവ സ്വകാര്യവൽക്കരിക്കുവാൻ നീക്കം നടക്കുന്നത് വ്യവസായവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

ബി) കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ എച്ച്.എൽ.എൽ, ബി.എം.ഇ.എൽ എന്നിവ സ്വകാര്യവൽക്കരിക്കുവാനോ ഓഹരി വിറ്റഴിക്കുന്നതിനോ ഉള്ള ശ്രമം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൊരട്ടി പ്രസ് സ്വകാര്യവൽക്കരണം സംബന്ധിച്ച ഔദ്യോഗിക വിവരം രേഖാമൂലം സർക്കാരിൽ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ